**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6129** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ വൈവിധ്യവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം സൂര്യോദയ വ്യവസായങ്ങളിൽ മുന്നേറാൻ തയ്യാറെടുക്കുമ്പോൾ സഹകരണ മേഖലയിൽ ഇതുമായി ബന്ധപ്പെട്ട അവസരങ്ങളെ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനം സൂര്യോദയ വ്യവസായങ്ങളിൽ മുന്നേറാൻ തയ്യാറെടുക്കുമ്പോൾ സഹകരണ മേഖലയിൽ ഇതുമായി ബന്ധപ്പെട്ട അവസരങ്ങളെ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.<br><br>എന്നാൽ ഫുഡ് പ്രോസ്സസ്സിംഗ് രംഗത്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വിളകൾ സംഭരിച്ച് ഉല്പന്നങ്ങളാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിച്ച് ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് നൂതന യന്ത്ര സാമഗ്രികളുടെ സഹായത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിച്ച് വിപണനം നടത്തുകയും വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുകയും ചെയ്തു വരുന്നു. |
| (ബി) | വൈവിധ്യവൽക്കരണത്തിലൂടെ ഈ രംഗത്തേക്ക് കടന്നുവരികയും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുന്ന എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് സഹകരണമേഖലയിൽ പ്രവർത്തിക്കുന്നു; വിശദമാക്കുമോ; | (ബി) | സൂര്യോദയ വ്യവസായ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല.<br><br>എന്നാൽ എറണാകുളം ജില്ലയിലെ വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക്, ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക്, പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക്, മാഞ്ഞാലി സർവ്വീസ് സഹകരണ ബാങ്ക്, കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്, എന്നിവ കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കുകയും വില്പന നടത്തുകയും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുന്ന സഹകരണ സംഘങ്ങളാണ്.<br><br>തിരുവനന്തപുരം ജില്ലയിൽ ഭക്ഷ്യസംസ്കരണ മേഖലയിൽ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു |

- കരകുളം സർവ്വീസ് സഹകരണ ബാങ്ക്- കാസ്കോ വില്ലേജ് എന്ന പേരിൽ പ്രകൃതി ദത്തമായ ടൂറിസം, കാർഷിക വികസന പദ്ധതി നടപ്പിലാക്കി വരുന്നു.
- നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക്- ഗ്രീൻ ഡ്യൂ വെളിച്ചെണ്ണ ഉല്പാദന പദ്ധതി നടപ്പിലാക്കി വരുന്നു.
- കലയപുരം പട്ടിക വർഗ്ഗ സഹകരണ സംഘം-വനവിഭവ സംഭരണ വിതരണ പദ്ധതി നടപ്പിലാക്കി വരുന്നു.
- തിരുവനന്തപുരം ജില്ലാ ആദിവാസി പാരമ്പര്യ ചികിത്സ പട്ടികവർഗ സഹകരണ സംഘം- പാരമ്പര്യ ചികിത്സ,പച്ചില മരുന്നുകളുടെ ഉല്പാദനം എന്നിവ ചെയ്തു വരുന്നു.
- ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക്- കേരള സർക്കാർ സംരഭമായ കോ-ഓപ്പ് മാർട്ട് ഹെഡാഫീസിൽ പ്രവർത്തിച്ച് വരുന്നു. കൂടാതെ അഞ്ചേക്കറോളം സ്ഥലത്ത് വെർമി കമ്പോസ്റ്റ് യൂണിറ്റ്, ട്രിപ്പ് ഇറിഗേഷൻ പദ്ധതി, ആട്ടിൻഫാം, കോഴി ഫാം എന്നിവ നടത്തി വരുന്നു.
- നെല്ലിമൂട് വനിത സഹകരണ സംഘം വെളിച്ചെണ്ണയിൽ നിന്ന് ഉരുക്ക് വെളിച്ചെണ്ണ തയ്യാറാക്കി വില്പന നടത്തുന്നു.

കൂടാതെ വിതുര സർവ്വീസ് സഹകരണ ബാങ്ക് സഹകരണ മേഖലയിലെ ആദ്യ ഇൻഡോർ ടർഫ് നടപ്പിലാക്കി.

നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വൈവിധ്യവൽക്കരണം നടത്തി വരുന്ന ഒരു സംഘമാണ്.ആയതിന്റെ ഭാഗമായി പ്രസ്തുത സംഘം സർഗ്ഗലയ ആർട്ട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജ്, ചാരിറ്റബിൾ-വെൽഫയർ ഫൗണ്ടേഷൻ, മെറ്റീരിയൽ ടെസ്റ്റിംഗ് ആൻഡ് റിസർച്ച് ലാബോറട്ടറി,യു.എൽ സൈബർപാർക്ക്, യു.എൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആൻഡ് റെസ്ക്യൂ ഓപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ നടത്തി വരുന്നു.

തൃശ്ശൂർ ജില്ലയിൽ മറ്റത്തൂർ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫോർ ഡെവലപ്പ്മെന്റ് ആൻഡ് സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നം.ആർ 1264 ൽ ഔഷധ സസ്യങ്ങളുടെ സംഭരണ- അർദ്ധ-സംസ്കരണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ടൂറിസം രംഗത്തും ഹോസ്പിറ്റാലിറ്റി രംഗത്തും നേട്ടമുണ്ടാക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ടൂറിസം രംഗത്തും ഹോസ്പിറ്റാലിറ്റി രംഗത്തും നേട്ടമുണ്ടാക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്.<br><br>ടൂറിസം രംഗത്തും ഹോസ്പിറ്റാലിറ്റി രംഗത്തും നൂതനമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷനിൽ (ടൂർഫെഡ്) അഫിലിയേറ്റ് ചെയ്ത് മികച്ച പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കായൽ ടൂറിസം വികസിപ്പിക്കുന്നതിന് ടൂർഫെഡ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ കാർത്തികപള്ളി താലൂക്കിൽ മിനി ഹൗസ് ബോട്ട് പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടൂർഫെഡ് വിവിധയിനം ട്രാവൽ പാക്കേജുകളും, വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കഫറ്റേരിയ, ഈവന്റ് മാനേജ്മെന്റ്, മിനിയേച്ചർ ട്രെയിൻ എന്നിവ നടപ്പിലാക്കി വരുന്നു.കൂടാതെ വിദേശ രാജ്യങ്ങളിലേക്ക് വരെ ടൂർ പ്രോഗ്രാമുകൾ സംഘടിപ്പിച്ച് പ്രവർത്തിച്ച് വരുന്നു.<br><br>സർക്കാരിന്റെ ഒന്നാംഘട്ട നൂറ്ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള യുവജന സഹകരണ സംഘങ്ങൾ പലതും ടൂറിസം മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുക, ടൂറിസം വ്യവസായത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക അതിലൂടെ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുക, ടൂറിസം പ്രൊമോഷൻ, ഹോംസ്റ്റേ, വില്ലേജ് ട്രിപ്പുകൾ, ട്രക്ക്സ്, സുഗന്ധ വ്യഞ്ജനങ്ങളുടെ വ്യാപാരം തുടങ്ങിയവ ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന സംഘങ്ങളാണ്. കോഴിക്കോട് ജില്ലയിലെ യൂത്ത് എംപവർമെന്റ് ആന്റ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ഡി 3341 എന്ന യുവ സംഘം ബേപ്പൂർ ഗോദീശ്വരം ബീച്ച് ഗാർഡൻ റിസോർട്ടിനു സമീപം സർഫിംഗ് സ്കൂൾ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ സെന്‍ട്രൽ ട്രാവൻകൂർ ടൂറിസം ഇൻഷ്യേറ്റീവ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.റ്റി.210 (സെറ്റിക്കോ) എന്ന സ്ഥാപനം ടൂർ രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്ന സംഘമാണ്. വയനാട് ജില്ലയിലെ മാനന്തവാടി ട്രൈബൽ പ്ലാൻറ്റേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ W.26 പ്രിയദർശിനി ഹൈക്ക്സ് എന്ന പേരിൽ പ്ലാന്റേഷൻ ടൂറിസം ആരംഭിച്ചിട്ടുണ്ട്. വാച്ച് ടവർ, ഫ്ലവർ ഗാർഡൻ, മിനി പാർക്ക് എന്നിവ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ടൂറിസം ഡിപ്പാർട്ട്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. നോർത്ത് വയനാട് |

| | | | |
|---|---|---|---|
| | | | എൻവിറോൺമെന്റൽ സസ്റ്റൈനബിൾ ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ W.361 ടൂർപാക്കേജുകളും റെസ്റ്റോറന്റ് റൂം ബുക്കിംഗ്, വാഹന ബുക്കിംഗ് എന്നിവ നടത്തി വരുന്നു. എറണാകുളം, കൊല്ലം ജില്ലകളിലെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ടൂറിസം മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്.<br><br>തളിപ്പറമ്പ് താലൂക്ക് മയ്യിൽ ആസ്ഥാനമായി റോയൽ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ സി 2068 എന്ന സ്ഥാപനത്തിന് കീഴിൽ 2 ബോട്ട് സർവീസ്, പയ്യന്നൂർ താലൂക്കിൽ ഏഴോം സർവീസ് സഹകരണ ബാങ്കിന്റെ കീഴിൽ ഏഴില ടൂറിസം പദ്ധതി, പിണറായി സർവീസ് സഹകരണ ബാങ്കിന്റെ കീഴിൽ 2 സ്യൂട്ട് റൂമുകൾ വാടകയ്ക്ക്, കുന്നിക്കര സർവീസ് സഹകരണ ബാങ്കിന്റെ കീഴിൽ കോ-ഓപ്പറേറ്റീവ് ഹോളിഡേയ്സ് എന്ന പേരിൽ ടൂർ പ്രോഗ്രാമുകൾ മലബാർ ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1513 എന്ന സ്ഥാപനത്തിന്റെ 90 ശതമാനം ഓഹരി പങ്കാളിത്തോടു കൂടി പ്ലഷേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്(വിസ്മയ) എന്ന സ്ഥാപനം, അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിന്റെ കീഴിൽ ടൂറിസം പദ്ധതി, കുഞ്ഞുപറമ്പ് സഹകരണ റൂറൽ ബാങ്കിന്റെ കീഴിൽ 14 ലോഡ്ജ് മുറികൾ മുഴുവനായും എയർ കണ്ടീഷൻ ചെയ്ത് വിദേശ ടൂറിസ്റ്റുകൾക്കുൾപ്പെടെ വാടകയ്ക്ക് നൽകൽ എന്നിവ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു.<br><br>വിനോദസഞ്ചാര മേഖലയിൽ നിക്ഷേപം നടത്തുന്നതിനായി സഹകരണ മേഖലയിൽ നിന്നും പ്ലാൻ ഫണ്ട് വഴി ധനസഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ